"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

എ3/13106/12

തൈക്കാട്, തിരുവനന്തപുരം-14,

തീയതി: 23.08.2013

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

(ഹാജർ: എസ്.വാഹിദ്)

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം:- എ3/13106/12-ാം നമ്പർ 16.5.2013 ലെ നടപടിക്രമം

പരാമർശ ഉത്തരവ് പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ നിന്നും ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയപ്പോൾ പ്രൊബേഷൻ പൂർത്തിയാക്കിയ ഹെഡ് ക്ലാർക്കുമാരുടെ അഭാവത്തിൽ ഒരു ജൂനിയർ സൂപ്രണ്ട് തസ്തിക ഒഴിച്ചിട്ടിരുന്നു. G.O(Ms)No.134/12/തൊഴിൽ തീയതി 15.09.2012 പ്രകാരം അനുവദിച്ച ഐ.ടി.ഐ കളിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി (വനിത) ഐ.ടി.ഐ പ്രവർത്തനം ആരംഭിച്ചതിനാൽ ജൂനിയർ സൂപ്രണ്ട് തസ്തികകയിൽ ഒരൊഴിവ് കൂടി ഉണ്ടായിട്ടുണ്ട്. ഇപ്രകാരം നിലവിലുള്ള 2 ജൂനിയർ സൂപ്രണ്ട് തസ്തികകളിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് മുമ്പ് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയ ജീവനക്കാരെ പരിഗണയ്ക്കേണ്ടതുണ്ട്. ഒഴിവുള്ള സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലംമാറ്റത്തിനായി അപേക്ഷ നൽകിയ ജീവനക്കാരുടെ സീനിയോരിറ്റി പരിഗണിച്ച് താഴേക്കോട് (വനിത) ഐ.ടി.ഐ യിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ.എം.താഹിറിന് ചങ്ങനാശ്ശേരി (വനിത) ഐ.ടി.ഐ യിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

മേൽപറഞ്ഞ സ്ഥലംമാറ്റത്തിനുശേഷം വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒഴിവുള്ള സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

മറുപുറം

| ക്രമനമ്പർ | സ്ഥാപനം |
|---|---|
| 1. | ഐ.ടി.ഐ(വനിത) വെസ്റ്റ് എളേരി |
| 2. | ഐ.ടി.ഐ(വനിത) താഴേക്കോട് |

മേൽപ്പറഞ്ഞ ഒഴിവുകളിലേയ്ക്ക് ഹെഡ് ക്ലാർക്കുമാരിൽ സീനിയറും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സ്ഥാനക്കയറ്റത്തിന് അർഹരായ താഴെപ്പറയുന്ന ഹെഡ് ക്ലാർക്കുമാർക്ക് KS&SSR ലെ പൊതുചട്ടം 28(B)(ii) പ്രകാരം 16180-29180 രൂപാ ശമ്പള നിരക്കിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി ടിയാൾക്കാരുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | നിലവിൽ സേവനത്തിലുള്ള സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിയ്ക്കുന്ന സ്ഥാപനം |
|---|---|---|---|
| 1. | ഫ്രാൻസിസ് ഡിക്രൂസ് | ആർ.ഐ.സി, കൊല്ലം | ഐ.ടി.ഐ (വനിത) വെസ്റ്റ് എളേരി |
| 2. | പ്രഭാവതി.കെ.കെ | ആർ.ഐ.സി, കോഴിക്കോട് | ഐ.ടി.ഐ (വനിത) താഴേക്കോട് |

ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരെ അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(സ്ഥാപന മേധാവികൾ മുഖേന)

പകർപ്പ്:-

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക്
2. എസ്.എഫ് (എ3)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്

R/24/08/13